

# E - ye

ST.ANTONY'S HSS PUTHENPEEDIKA



# കണ്ണ് തുറക്കുമ്പോൾ


1. വിദ്യാലയ ചരിത്രം
2. മോഹം
3. മാതാപിതാക്കൾ ഗുരുതുല്യർ
4. Water pollution
5. My hero
6. നാടിൻ ദുർവിധി - കൊറോണ വൈറസ്
7. ജീവിതം ലഹരി ആക്കിയാൾ



# സെന്റ് ആൻറണീസ് ഹയർ സെക്കന്ററി സ്കൂൾ പുത്തൻപീടിക – വികസന ചരിത്രം

റവ ഫാദർ ജോൺ ചിറയത്തിന്റെ അശ്രാന്ത പരിശ്രമഫലമായിട്ടാണ് ഈ പ്രേദേശത് ഒരു സ്കൂൾ രൂപം കൊണ്ടത് . ബഹുമാന്യമായ ശ്രീ ഐ ഐ ഇയുപ്പൻ പള്ളിക്ക് സംഭാവനയായി നൽകിയ ഇയുപ്പൻ മെമ്മോറിയൽ ഹാളിലായിരുന്നു ഈ വിദ്യാലയത്തിന്റെ പ്രവർത്തനം ആരംഭിച്ചത് . 1948 ൽ ദേവാലയത്തോടനുബന്ധിച്ച് സെന്റ് ആൻറണീസ് നാമോദയത്തിലുള്ള അപ്പർപ്രൈമറി സ്കൂളായി മാറി . ഈ പ്രേദേശത്തെ വിദ്യാർഥികൾ ഹൈസ്കൂൾ വിദ്യാഭാസത്തിനായി എച്ച് എസ് അന്തികാടിനേയോ ജി എച്ച് എസ് പെരിങ്ങോട്ടുകരയെയോ ആണ് ആശ്രയിച്ചിരുന്നത് , ഈ സ്കൂളിലെ ആദ്യത്തെ ഹെഡ്‌ മാസ്റ്റർ ശ്രീ കാവുണ്ണി കർത്താ ആയിരിന്നു .മോൺ ഇഗ്നേഷ്യസ് ചാലിശ്ശേരി ഈ സ്കൂളിലെ ആദ്യത്തെ ബാച്ചിലെ വിദ്യാർത്ഥിയായിരുന്നു .

1976 - 77 ൽ അരണാട്ടുകര തരകൻസ് സ്കൂളിന്റെ ബ്രാഞ്ചായി ഇവിടെ ഹൈസ്കൂൾ ആരംഭിച്ചു . അന്നത്തെ മേജർ റവ ഫാദർ ജോസഫ് മാളിയേക്കൽ ആണ് ഹൈസ്കൂൾ ആകാനുള്ള പരിശ്രമങ്ങൾ നടത്തിയത് . 1978-79 ലാണ് ഈ സ്കൂൾ സ്വതന്ത്ര സ്കൂൾ ആയത്. സ്കൂളിന്റെ ഉദ്ഘാടനം നടത്തിയത് .അന്നത്തെ ആഭ്യന്തര മന്ത്രിയായിരുന്ന ശ്രീ കരുണക്കരൻ. ആദ്യത്തെ ഹെഡ്‌ മാസ്റ്ററായി ശ്രീ വി എ ജോസ് മാസ്റ്റർ നിയമിതനായി 1978-79 ൽ ആണ് ഈ വിദ്യാലയത്തിലെ ആദ്യത്തെ ബാച്ച് sslc പരീക്ഷ

എഴുതിയത് . തൃശ്ശൂർ അതിരൂപതയിലെ കോർപറേറ്റ് സ്കൂളുകളിൽ ഏറ്റവും കൂടുതൽ വിജയശതമാനം ( 84%) നേടി ട്രോഫി കരസ്ഥമാക്കി.

അതിനടുത്ത വർഷവും (1979 -80 ) 91% വിജയം നേടി ട്രോഫി നേടിയെടുത്തു . 1981-82,1982-83 എന്നീ വർഷങ്ങളിലും ഉയർന്ന വിജയശതമാനം നേടി അതിരൂപതയിൽ ട്രോഫിക്ക് അർഹത നേടി.


ഈ കാലഘട്ടത്തിൽ വിദ്യാഭാസത്തിൽ പുരോഗതി ഈ പ്രേദേശത്തുണ്ടായിരുന്നു . പുത്തൻപീടികയിൽ നിന്നുള്ള വിദ്യാർഥികൾ മാത്രമല്ല അയൽ പ്രേദേശങ്ങളായ അന്തിക്കാട് , ചാഴൂർ , പെരിങ്ങോട്ടുകര , കാഞ്ഞാണി , അരിമ്പൂർ തുടങ്ങിയ പ്രേദേശങ്ങളിലെ വിദ്യാർത്ഥികളും ഈ വിദ്യാലയത്തിൽ പഠനം നടത്തിയിരുന്നു .1995 ൽ sslc പരീക്ഷ എഴുതിയ എല്ലാ s.c വിദ്യാർത്ഥികളും വിജയിച്ചതിനാൽ സ്കൂളിന് പ്രൈസായി 12000 രൂപ ക്യാഷ് അവാർഡും ട്രോഫിയും നൽകി . പട്ടികജാതി വികസന ബോർഡ് ആദരിച്ചു . 1982 - 84 വർഷങ്ങളിൽ ശ്രീ രാജസിംഹൻ മാസ്റ്ററും 84 - 85 വർഷത്തിൽ ശ്രീ ഇഗ്നേഷ്യസ് മാസ്റ്ററും 85-86 ൽ ശ്രീ കെ വി ആന്റണി മാസ്റ്ററും 86-90 വർഷങ്ങളിൽ ശ്രീ മുരളീധരൻ മാസ്റ്ററും ഇവിടുത്തെ ഹെഡ് മാസ്റ്ററും ആയിരുന്നു . 90-93 വർഷങ്ങളിൽ ശ്രീ സുഗന്തൻ മാസ്റ്ററും 93-97 വർഷങ്ങളിൽ ശ്രീ ആന്റണി വില്യം മാസ്റ്ററും 99-99 വർഷങ്ങളിൽ ശ്രീ കെ ൽ ജോർജ് മാസ്റ്ററും 99-2000 വർഷത്തിൽ ശ്രീ കെ കെ ജോസ് മാസ്റ്ററും 2000 മുതൽ 2007 വരെ ശ്രീമതി ജോസെഫിന ടീച്ചറും 2007-2008 വർഷങ്ങളിൽ ശ്രീ ടി ജെ ജോസ് മാസ്റ്റർ ,ശ്രീമതി റീന ടീച്ചർ, ശ്രീ ജോസഫ് മാസ്റ്റർ ശ്രീമതി ലിൻസി ടീച്ചർ എന്നിവർ ഈ വിദ്യാലയത്തിന്റെ സാരഥിചാരിയിരുന്നു . ഈ കാലഘട്ടങ്ങളിൽ ചില വർഷങ്ങളിൽ സ്കൂളിന് അല്പം അധോഗതിയും ചില വർഷങ്ങളിൽ പുരോഗതിയും ഉണ്ടായിരുന്നു എന്ന് പറയാം

2001 -2002 വർഷത്തിലാണ് ഈ സ്കൂളിൽ വിപുലമായ ഒരു കമ്പ്യൂട്ടർ ലാബ് ആരംഭിച്ചത് . അതിനുമുൻപ് തന്നെ ഒരു സയൻസ് ലാബും, നല്ലൊരു

സ്റ്റേജും കൊടിമരവും സ്കൂളിൽ ഉണ്ടായി ഈ വിദ്യാലയത്തിലെ ഭൂരിഭാഗം വിദ്യാർത്ഥികളും സാധരണ കുടുംബത്തിൽ നിന്ന് വരുന്നവരായിരുന്നു. എന്നിട്ടും നല്ല വിജയശതമാനം നിലനിർത്താൻ കഴിഞ്ഞിരുന്നു. വിദ്യാർഥികൾ വർധിച്ചതോടെ സ്കൂളിന്റെ രണ്ടാം നിലയ്ക്ക് മുകളിൽ ഒരു നില കൂടി സ്ഥാപിച്ചു. അന്നത്തെ മേജർ ഫാ ആന്റണി തെക്കിനിയത്താണ് അതിന് മുൻകൈ എടുത്തത് . 2005 ൽ ഈ സ്കൂളിൽ ഒരു ഇംഗ്ലീഷ് മീഡിയം ഡിവിഷൻ തുടങ്ങി . എന്നാൽ വിദ്യാർത്ഥികളുടെ അഭാവം മൂലം മൂന്നുനാലുവർഷങ്ങൾക്ക് ശേഷം ഇല്ലാതായി . മാത്രമല്ല സ്കൂളിൽ വിദ്യാർത്ഥികളുടെ അന്നം കുറഞ്ഞതിനാൽ പല അദ്ധ്യാപകർക്കും സ്കൂളിൽനിന്ന് സ്ഥലം മാറി പോകേണ്ടിവന്നു .

2010 - ൽ ഹൈ സ്കൂളിനോട് ചേർന്ന കെട്ടിടത്തിൽ ഹയർ സെക്കന്ററി സ്കൂൾ ആരംഭിച്ചു ഫാദർ പോൾ തെക്യാനത്ത് ആയിരുന്നു അന്നത്തെ മാനേജർ . ആരംഭത്തിൽ തന്നെ 100% വിജയം ലഭിച്ചതിനാൽ സ്കൂളിന്റെ നിലവാരം ഉയർന്നു. സയന്സും ഹ്യൂമാനിറ്റീസുമാണ് ഇവിടുത്തെ വിഷയങ്ങൾ . പല പ്രേദേശിങ്ങളിൽ നിന്നും വിദ്യാർഥികൾ ഇവിടെ വന്നുകൊണ്ടിരുന്നു . ഹയർ സെക്കന്ററിയുടെ പുരോഗതി ഹൈ സ്കൂളിനും ലഭിച്ചു . വിദ്യാർഥികൾ വർധിച്ചു. വീണ്ടും ഇംഗ്ലീഷ് ആരംഭിച്ചു ആദ്യത്തെ ഇംഗ്ലീഷ് മീഡിയം s.s.l.c എഴുതുന്നത് ഈ വർഷമാണ്. ഹയർ സെക്കൻ്ററി വിഭാഗത്തിന് നൂറും തൊണ്ണൂറ്റിഎട്ടും പോലുള്ള വിജയ ശതമാനം നേടുന്നതിനൊപ്പം s.s.l.c ക്കും 100% വിജയം ലഭിച്ചു തുടങ്ങി . ഈ വർഷം s.s.l.c ക്ക് 100% നവും സയൻസിന് 100%വും ഹ്യൂമാനിറ്റീസിന് 98.4%നവും വിജയം ലഭിച്ചു.


ഇപ്പോൾ ഈ വിദ്യാലയം ഉയർച്ചയുടെ കൊടുമുടിയിൽ എത്തിയിരിക്കുന്നു. ഹയർ സെക്കണ്ടറിയുടെ ആദ്യത്തെ പ്രിൻസിപ്പൽ ശ്രീ . മാത്യു മാസ്റ്ററും ഇപ്പോൾ ശ്രീമതി. ലിൻസി ടീച്ചറുമാണ് . ഇപ്പോഴത്തെ ഹെഡ് മിസ്ട്രസ് ശ്രീമതി സീന ടീച്ചറാണ് .



ഈ വിദ്യാലയത്തിന്റെ വികസനത്തിനുവേണ്ടി പ്രയത്നിച്ച ധാരാളം വ്യക്തികൾ ഉണ്ട് . അതാത് കാലഘട്ടങ്ങളിലെ മാനേജർമാർ, ഇപ്പോഴത്തെ മാനേജർ റവ ഫാദർ റാഫേൽ താണിശ്ശേരി , ഹെഡ്മാസ്റ്റർമാർ അദ്ധ്യാപകർ നോൺ ടീച്ചിങ് സ്റ്റാഫ് , P T A മദർ P T A, പൂർവ്വവിദ്യാർത്ഥികൾ വാർഡ് മെമ്പർമാർ തുടങ്ങിയവരെ എടുത്തു പറയേണ്ടതാണ്. അദ്ധ്യാപകരിൽ ഭൂരിഭാഗവും ആദ്യകാലത്ത് പ്രാദേശികരായിരുന്നു. അതിനാൽ വിദ്യാർത്ഥികളെ അടുത്തറിഞ്ഞ് അവർക്കുവേണ്ട നിർദേശങ്ങൾ നൽകാൻ കഴിഞ്ഞിരുന്നു റിട്ടയർ ചെയ്ത് എല്ലാ അദ്ധ്യാപകരും വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നതിക്കുവേണ്ടിയും എൻഡോവ്മെന്റുകൾ ഏർപ്പെടുത്തിയിട്ടുണ്ട് .കൂടാതെ ചിലവ്യക്തികളും സ്ഥാപനങ്ങളും P T A യും എന്റോവ്മെന്റ് നൽകുന്നുണ്ട് .

ഈ വിദ്യാലയത്തിൽ നല്ലൊരു ബാൻഡ്സെറ്റ് ഉണ്ട്. സ്കൗട്ട്,ഗൈഡിങ് , റെഡ് ക്രോസ് k c s l തുടങ്ങിയ പലസംഘടനകളും ഉണ്ട് . സയൻസ്,മാത്സ്, സോഷ്യൽ സയൻസ് തുടങ്ങിയ വിഷയങ്ങൾക്കും ക്ലബ്ബുകളുണ്ട് . നല്ലൊരു കാർഷിക ക്ലബ്ബും ഇവിടെയുണ്ട് .ഇവയെല്ലാം നല്ലരീതിയിൽ പ്രവർത്തിക്കുന്നുമുണ്ട് എല്ലാവിധത്തിലും ഈ വിദ്യാലയം ഉത്തരോത്തരം പുരോഗമിച്ചുകൊണ്ടിരിക്കുന്നു

JISWIN SIJO
9A



# മോഹം

മഴ മഴ പെയ്തു നിറഞ്ഞ പാടം
പാടത്തിനുമൊരു ഒരു മോഹം
വരിവരിയായിട്ടോഴുക്കിടാനായി  ഒരു മോഹം
ആഴിലെത്തിയാടാനായി  ഒരു മോഹം

എങ്ങോട്ടൊഴുകും എവിടോട്ടൊഴുകും
ആഴിയിൽ ആഴങ്ങളിലെത്തിടാൻ
ചിന്തിച്ചങ്ങനെ നിൽക്കു നേരം
ജീവന്റെ കുളിരണിയിക്കാനായി
ഞാനിവിടെ വേണമല്ലോന്നായി
നിറഞ്ഞ പാടം നിറഞ്ഞുതന്നെ
അവിടെത്തന്നെ നിന്നല്ലോ
മഴ മഴ പെയ്തു നിറഞ്ഞ പാടം


# മാതാപിതാക്കൾ -ഗുരുതുല്യർ

"മത പിതാ ഗുരു ദൈവം" ഭാരതീയരുടെ മുഖമുദ്രയാണിത്. എന്നാൽ ഇന്നത്തെ സമൂഹം മാതാവിനേയും പിതാവിനേയും ഗുരുവിനേയും ദൈവതുല്യരായി കാണുന്നുണ്ടോ എന്ന് നാം സംശയിക്കണം. നമുക്ക് ജന്മം നൽകിയ മാതാപിതാക്കളെ നാം അവരർഹിക്കുന്ന രീതിയിൽ പരിചരിക്കുന്നുണ്ടോ? ഇല്ല എന്നായിരിക്കും സത്യസന്ധമായ ഉത്തരം ഉണ്ടായിരുന്നുവെങ്കിൽ ഇന്ന് വൃദ്ധസദനങ്ങളുടെ എണ്ണത്തിൽ വർധനവുണ്ടാകുകയില്ലായിരുന്നു.

ഒരു ആയുഷ്കാലം മുഴുവൻ മക്കൾക്കുവേണ്ടി അദ്ധ്വാനിക്കുകയും അവരുടെ ഉന്നമനത്തിനായി തങ്ങളുടെ ഇഷ്ടാനിഷ്ടങ്ങൾ മാറ്റി വക്കുകയും ചെയ്യുവരാണ് ഓരോ രക്ഷിതാവും.പ്രായമാകുമ്പോൾ തങ്ങളുടെ മകളുടെ സംരക്ഷണയിൽ കഴിയാം അന്ന വിശ്വാസത്തിൽ ജീവിക്കുന്നവരാണ് മാതാപിതാക്കൾ. എന്നാൽ മാതാപിതാക്കളെ ഒന്ന് തിരിഞ്ഞ് നോക്കാൻ പോലും സമയമില്ലാതെ അനാഥാലയങ്ങളിലും ക്ഷേത്രങ്ങളിലും ഉപേക്ഷിക്കുന്ന നിരവധി അനവധി മകളെ നമ്മുക്ക് ഈ തലമുറയിൽ കാണാൻ സാധിക്കും._ ബുമിയിൽ കാണപ്പെടുന്ന ദൈവങ്ങളാണ് മാതാപിതാക്കൾ എന്നാൽ അവരെ തിരിഞ്ഞുനോക്കാൻ പോലും സമയമില്ലാത്ത മകൾ ഒരു കാര്യം ഓർമിക്കുന്നില്ല വരും തലമുറ ഇവരെ കണ്ടാണ് പടിക്കുന്നതെന്ന്. അത്രയൊക്കെ ആട്ടിപായിച്ചാലും അവർ മാതാപിതാക്കലാണ് എന്ന സത്യം മക്കൾ മനസിലാക്കുന്നില്ല.

അവർക്കു വേണ്ടി ജീവിതും മാറ്റിവച്ചില്ലങ്കിലും കുറച്ച സമയം അവരോടൊത്ത് ചിലവിടാൻ അല്ലങ്കിൽ കുറച്ച നേരും അവരോടൊന്ന് സുംസരിക്കാൻ ഇന്നത്തെ തലമുറ സമയത്തെ കണ്ടെത്താനും ഇല്ലങ്കിൽ വരുംതലമുറ കുടി നശിക്കും. ഇനിയെങ്കിലും വൃദ്ധസദനങ്ങൾ നിറയാതിരിക്കട്ടെ

**Dhidhi Thomas**
**10 B**



# Water pollution

**Water pollution is a very common problems all across the world. Nature and environment experts are really concern about this issue. There are so many for this pollution. Most of the factories and industries are using the chemical as their raw materials and the waste of their factory goes the canals ,rivers etc. Most of the farmers use several type of insecticide to kill unwanted insects in their fields. But these medicines are poisonous. The water from field mixed with canal and rivers and that's How water gets polluted. We need to be aware of water pollution.**

**1.Water is very important of life.**
**2.We should save water.**
**3.Water is used for daily routine tasks.**

**Alosh Linto**

# MY HERO

Faithful and true
Always fills us with joy
Teaching me what's right and wrong
Hero of my life
Embroilment of strength
Raising me up when I'm low

You are my shelter
You are my strength
You are truly amazing
You are god's master piece

Your unconditional love
Your frowning corrections
Your thundering voices
Your positive fragrance radius

You believed in me when
I didn't believe in myself
Your shoulder rides were
My first flights
Your greying hair reminds
Me I've grown up

Pappa, but still I'm your little girl
I'm grateful you're my day
Pappa you're my hero
Pappa you're my treasure

Franceena Francis(10A)

# ലഹരി ജീവിതം

ഒരു ടയർ കമ്പിനിയിൽ ജോലി ചെയ്യുകയായിരുന്നു സിയാദ്. പണത്തിനു വേണ്ടി ജീവിക്കുന്ന കാലമായതുകൊണ്ടുതന്നെ അവൻ ആ കമ്പിനിയിൽ എത്രവേദനകൾ സഹിച്ചു ജോലിചെയ്തിരുന്നു. ഒരു മാസത്തിന്റെ ശമ്പളം കിട്ടിയപ്പോൾ കൂട്ടുകാരുടെ താല്പര്യ പ്രകാരം അവൻ ലവരിയിൽ കൂടുതൽ കൂടുതലായി അടിമപ്പെട്ടിരുന്നു അങ്ങനെയൊരു സമയത്താണ് മധ്യലഹരിയിൽ കമ്പിനിയിൽ കയറി വരുകയും അവിടെ ബഹളമുണ്ടാകുകയും ചെയ്തിരുന്നത് ശല്യം സഹിക്കാതെയായപ്പോൾ ഉടമസ്ഥൻ വരുകയും സിയാദിനെ  പുറത്താക്കുകയും ചെയ്തു.ഇത് അറിയുന്ന സിയാദ് പൊട്ടിക്കരയുകയും തകർന്ന് പോവുകയും ചെയ്തു. ഒരേ സമയം സങ്കടവും കുറ്റബോധവും ഉള്ളിൽ അകറ്റുന്നുണ്ടായിരുന്നു. തനിക്കും തന്റെ കുടുംബത്തിനും ജീവിക്കണമെങ്കിൽ പണം ആവശ്യമാണ്. തന്റെ ജോലി ആണെങ്കിൽ നഷ്ടപ്പെടുകയും ചെയ്തിരിക്കുന്നു. ആ മനോവിഷമത്തിൽ വീണ്ടും മദ്യലഹരിയിൽ അടിമപ്പെടുന്നു. നടന്ന കാര്യങ്ങൾ തന്റെ പ്രിയ സുഹൃത്തുക്കളോടും പങ്കുവക്കുന്നു. സുഹൃത്തുക്കൾ അവന് ധൈര്യം പകർന്ന് കൊടുക്കുകയും തന്നെ ഈ സ്ഥിതിയിൽ എത്തിച്ച മുതലാളിയെ ഒരു പാഠം പഠിപ്പിക്കണം എന്ന് പറഞ്ഞു.കൂട്ടുക്കാർ അവന് ചീത്തവഴിയാണ് പറ ഞ്ഞ്കൊടുക്കുന്നത്. ഒരു നിമിഷത്തെ തീരുമാനം നമ്മളെയെല്ലാം പല സങ്കടത്തിലൂടെ സാഞ്ചെരിക്കേണ്ടി വരുന്നു. കൂട്ടുകാരോടുള്ള ആത്മാർത്ഥതയും അവരുടെ വാക്കുകളും അനുസരിച്ച് അടുത്തദിവസം തന്നെ  അവൻ കമ്പനിയിലേക്ക് എത്തുന്നു. മുതലാളിയോട്  പക കാരണം അവൻ കമ്പനിയിലെ വിഷമാർന്ന ഗ്യാസ് ട്യൂബ് തുറന്നുവിടുന്നു.തുറന്നുവിട്ടതിനാൽ  മുതലാളിക്ക് വൻനഷ്ടം ഉണ്ടാകും എന്ന ചിന്തയാണ് അവന്റെ മനസ്സിൽ ഉണ്ടായത് . പതിയെ പതിയെ  അവിടുത്തെ ഓരോ ജീവനക്കാർ മരിച്ചുവീഴുവാൻ തുടങ്ങി. ആ ഗ്യാസ് നാടാകെ പടർന്നു. അപ്പോഴാണ് അവൻ ആലോചിച്ചത് താൻ എത്ര വലിയ പൊട്ടത്തരമാണ് ചെയ്തതെന്ന്. തന്റെ കുടുംബാംഗങ്ങൾ അടക്കം ഒത്തിരിപേർ മരിച്ചു. ഇതിൽനിന്ന് നമുക്ക് ഒരിക്കലും വിമുക്തി നേടാൻ കഴിയില്ല. തന്റെ ഒരുനേരത്തെ പണത്തിനോടുള്ള ആർത്തിയും ലഹരിയോടുള്ള അടിമത്തവും ആണ് ഇതിനു കാരണം . പതിയെ തന്റെ ശ്വാസവും നിലച്ച് തുടങ്ങിയിരിക്കുന്നു.

**Naipunya P.S (9A)**


Thank
you